പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7818 15.07.2014-ൽ മറുപടിക്ക്

കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലേക്ക് കൂടുതൽ പുതിയ ബസ്സുകൾ

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പുതുതായി വാങ്ങുന്ന 1500 ബസ്സുകൾ വിവിധ ഡിപ്പോകളിലേക്ക് നൽകുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ; | (എ) | മോട്ടോർ വാഹന നിയമമനുസരിച്ച് സൂപ്പർ ക്ലാസ് വിഭാഗത്തിൽപ്പെടുന്ന ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള വാഹനങ്ങൾ പരാമവധി 5 വർഷം മാത്രമേ ഈ വിഭാഗത്തിൽ സ്റ്റേജ് കാര്യേജായി സർവ്വീസ് നടത്തുവാൻ കഴിയൂ. ഈ ബസുകൾ മാറ്റി പകരം പുതിയ ബസുകൾ ഇറക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ 943 ബസുകൾ 12 വർഷത്തിനുമേൽ പഴക്കമുള്ളവയാണ്. ആരോഗ്യകരമായ ഒരു ഫ്ളീറ്റ് നിലനിർത്തുന്നതിന് ബസുകളുടെ പരമാവധി ആയുസ് 12 വർഷമായി നിജപ്പെടുത്തേണ്ടതുണ്ട്. മേൽ പറഞ്ഞ രീതിയിൽ അപ്പർ ക്ലാസ് ബസുകൾ മാറ്റി ആ ബസുകൾ ഉപയോഗിച്ച് 12 വർഷത്തിനുമേൽ പഴക്കമുള്ള ബസുകൾ മാറ്റുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 1500 ബസുകളിൽ 150 എണ്ണം സൂപ്പർ ഡീലക്സ് ബസുകളാണ്. ഇവ ഉപയോഗിച്ച് സൂപ്പർ ക്ലാസ് വിഭാഗത്തിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതാണ്. |